കെ.എസ്.ആർ.ടി.സി. 1350 ഷാസികൾക്ക് ഓർഡർ നൽകിയതിൽ ലഭ്യമായ ഷാസികളിൽ ബസ് ബോഡി നിർമ്മാണം പുരോഗമിച്ചുവരുന്നു. പുതിയ ബസ്സുകൾ പുറത്തിറങ്ങുന്ന മുറയ്ക്ക് ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെയും ഓർഡിനറി ബസ്സുകളുടെയും കുറവ് നികത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതൊക്ക പറയുമ്പോഴും നേരത്തെ അങ്ങിവിടെ സൂചിപ്പിച്ചതുപോലെ സർവ്വീസുണ്ടായിരുന്നതിൽ ലാഭകരമായി ഓടുന്ന സർവ്വീസുകളുടെ കാര്യം പ്രത്യേകം പരിഗണിക്കാം.

6. ഗുരുവായൂർ ടൗണിനെ ഹെറിറ്റേജ് സിറ്റിയായി കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തൽ

<u>ശ്രീ. പി. എ. മാധവൻ</u> : സർ, ഈയിടെ കേന്ദ്ര സർക്കാർ 18 നഗരങ്ങളെ അമൃത നഗരങ്ങളായി പ്രഖ്യാപിച്ചപ്പോൾ ഗുരുവായൂർ നഗരം ആ ലിസ്റ്റിൽ ഉൾപ്പെടുമെന്ന് സ്വാഭാവികമായും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രമുഖമായ ഒരു ക്ഷേത്രനഗരമാണ് ഗുരുവായൂർ. നിലവിലുണ്ടായിരുന്ന ഗുരുവായൂർ നഗരത്തിനോട് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട തൈക്കാട് പഞ്ചായത്തും പൂക്കോട് പഞ്ചായത്തും കൂട്ടിച്ചേർക്കപ്പെട്ടത് ഏതാനും വർഷങ്ങൾക്കു മുമ്പാണ്. പഴയ ഗുരുവായൂർ നഗരമൊഴികെ വരുന്ന ഈ രണ്ട് പഞ്ചായത്ത് പ്രദേശവും ഏറെക്കുറെ ഗ്രാമീണത നിലനിൽക്കുന്ന പ്രദേശമാണ്. ആധുനിക പശ്ചാത്തല സൗകര്യങ്ങളൊന്നും നിലവിലില്ലാത്ത ഒരു പ്രദേശമാണ് ഗുരുവായൂർ. ഇപ്പോഴും അവിടത്തെ സ്വീവേജ് സ്കീമിന്റെ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ, അതിനെ കുറിച്ച് ഹൈക്കോടതി ഇടപെടലുകളും നിരന്തരമായ ചർച്ചകളും നടക്കുന്നുണ്ട്. മാത്രമല്ല ഇത് മാലിന്യക്കൂമ്പാരങ്ങളുടെ പ്രദേശം കൂടിയാണ്. ശബരിമലയിൽ എത്തിച്ചേരുന്ന തീർത്ഥാടകരിൽ 75 ശതമാനം പേരും സന്ദർശിക്കുന്ന ഒരു സ്ഥലമാണ് ഗുരുവായൂർ. വർഷത്തിൽ 365 ദിവസവും പതിനായിരക്കണക്കിന് ഭക്തർ എത്തിച്ചേരുന്ന ഈ സ്ഥലത്ത് ആധുനിക സൗകര്യങ്ങൾ അനിവാര്യമാണ്. അമൃത നഗരങ്ങളുടെ ലിസ്റ്റിൽപ്പെട്ടില്ലെങ്കിലും അതേ സൗകര്യങ്ങൾ കിട്ടാവുന്ന ഒരു സംവിധാനം സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ഉണ്ടാക്കേണ്ടത് ഗുരുവായൂരിനെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. ഹെറിറ്റേജ് നഗരമെന്ന് കേൾക്കുമ്പോൾ ജനങ്ങൾക്കിടയിൽ ഒരു പരിഭ്രാന്തിയുണ്ട്. നിലവിലുള്ള ഏതെങ്കിലും ഒരു കെട്ടിടം പൊളിക്കാൻ, റിപ്പയർ ചെയ്യാൻ, പുതിയ ഒരു കെട്ടിടം പണിയാൻ എന്നുതുടങ്ങി ആ പ്രദേശത്തെ എല്ലാ കാര്യങ്ങളിലും നിയന്ത്രണം വരികയും നിലവിലുള്ളതിന് ഏറെക്കുറെ ഒരു ഫ്രീസിംഗ് പോയിന്റിലെത്തിക്കുകയും ചെയ്യുമെന്ന പരിഭ്രാന്തി ജനങ്ങൾക്കിടയിലുണ്ട്. അങ്ങനെ പരിഭ്രാന്തി ഉണ്ടെങ്കിൽ ഹെറിറ്റേജ് നഗരം വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള സൗകര്യങ്ങൾ നിലനിർത്തിക്കൊണ്ട് നിർമ്മാണ രംഗത്തും പശ്ചാത്തല രംഗത്തും നിലവിൽ ജനങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സൗകര്യങ്ങളും നിലനിർത്തി കൊണ്ട് ആധുനിക സൗകര്യങ്ങളും സങ്കേതങ്ങളും ഉണ്ടാക്കിയെടുക്കാനും ഗുരുവായൂർ നഗരത്തെ ഹെറിറ്റേജ് നഗരമാക്കാൻ കഴിയുമെങ്കിൽ ബഹുമാനപ്പെട്ട സർക്കാരും മന്ത്രിയും അതിന് മുൻകൈയെടുക്കണം. ആ സൗകര്യം ഗുരുവായൂർക്കാർക്ക് ലഭ്യമാകാനുള്ള ഒരു അനുഗ്രഹമുണ്ടാക്കി തരണം. എന്റെ നിയോജക മണ്ഡലത്തിൽ അരിയന്നൂർ പ്രദേശത്ത് കൊടക്കല്ലുപ്പറമ്പ് എന്ന സ്ഥലം പുരാവസ്തു നിലവിലുള്ള പ്രദേശമാണ്. ആയിരം പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ആ പുരയുടെ ഓടുപോലും മാറ്റാൻ കഴിയാത്ത അവസ്ഥയുണ്ട്. അങ്ങനെ അനുഗ്രഹം ശാപമായി മാറാതെ ശാപം അനുഗ്രഹമായി മാറാവുന്ന ഒരു സമീപനം ഗുരുവായൂരിനോട് കാണിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>) : സർ, 2015 ജൂൺ 25-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കേരളം ഉൾപ്പെടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും നഗരകാര്യ മന്ത്രിമാർ, ഗവൺമെന്റ് സെക്രട്ടറിമാർ, ഒരു ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള എകദേശം അഞ്ഞൂറോളം നഗരസഭകളിലെ അദ്ധ്യക്ഷന്മാർ ഇവരുടെ സാന്നിദ്ധ്യത്തിൽ തുടക്കം കുറിച്ച അമൃത പദ്ധതിയിൽ 2014-ൽ കേന്ദ്ര സർക്കാർ ഹൃദയ സ്കീമിൽ ഉൾപ്പെടുത്തിയ നഗരങ്ങളെ മാത്രമാണ് ഹെറിറ്റേജ് സിറ്റികളായി പരിഗണിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്കീമിൽ കേരളത്തിലെ ഒരു നഗരത്തെയും ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ അതേ ദിവസം തന്നെ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള ശക്തമായ പ്രതിഷേധം അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ത്യൻ പ്രധാനമന്ത്രിയെയും നഗരകാര്യ മന്ത്രിയെയും നേരിൽ കാണുകയും ഗുരുവായൂർ, കാലടി ഉൾപ്പെടെ 7 നഗരങ്ങളെക്കൂടി ഹൃദയ സ്കീമിൽ ഉൾപ്പെടുത്തി ഹെറിറ്റേജ് സിറ്റികളായി പ്രഖ്യാപിക്കണമെന്നും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും അടിയന്തരമായി കൈക്കൊള്ളുന്നതാണ്. അങ്ങ് ഇവിടെ ഭയപ്പെട്ടതു പോലെ ഒരു ഹെറിറ്റേജ് സിറ്റി അല്ലെങ്കിൽ പൈതൃക നഗരമാകുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ മുൻകാലങ്ങളിലുമുണ്ടായിട്ടുണ്ട്. കൽപ്പാത്തി അതിന് ഉദാഹരണമാണ്. അങ്ങയുടെ മണ്ഡലത്തിൽ ഒരു സ്ഥലത്തിന്റെ കാര്യം പറഞ്ഞു, അതും ഇതിൽപ്പെടും. അതുപോലുള്ള പ്രയാസങ്ങൾ ഉണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.